# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 01-10-2013

## അധ്യാപകരുടെ അനിശ്ചിതകാല സത്യാഗ്രഹസമരം ഒത്തുതീർപ്പായി

ഹയർസെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 24 മുതൽ ഡയറക്ടറേറ്റുകൾക്ക് മുന്നിൽ കെ.എസ്.ടി.എ നടത്തിവന്ന അനിശ്ചിതകാല രാപ്പകൽ സത്യാഗ്രഹസമരം വിദ്യാഭ്യാസമന്ത്രി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർമാർ എന്നിവരുമായി നടത്തിയ ചർച്ചയെത്തുടർന്ന് നിറുത്തിവെച്ചു.

ഹയർസെക്കന്ററി–വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡയറക്ടറേറ്റുകളെ ശക്തിപ്പെടുത്തുമെന്ന് മന്ത്രി ഉറപ്പുനൽകി. അധ്യാപകരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ ഒക്ടോബർ 15 നകം നടത്തും. കുട്ടികളുടെ പ്രവേശനത്തിനുള്ള ഏകജാലകസംവിധാനം കൂടുതൽ ഫലപ്രദമാക്കും. അഡ്മിഷൻ നടപടികൾ പൂർത്തിയാവുന്നതിനുമുമ്പ് പ്രത്യേക ഉത്തരവുകൾ നൽകാതിരിക്കാൻ ശ്രദ്ധിക്കും. മലബാർ മേഖലയിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലും അഡീഷണൽ ബാച്ചുകളിലും നിയമിതരായവർക്ക് ഗസ്റ്റ്വേതനം നൽകാനും തസ്തിക അനുവദിച്ച തീയതിമുതൽ നിയമനാംഗീകാരം നൽകുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുമെന്നും മന്ത്രി ഉറപ്പുനൽകി.

വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ നടന്ന സ്ഥലംമാറ്റത്തിലെ അപാകതകൾ പരിഹരിക്കും. നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ ഇനിമുതൽ സ്ഥലംമാറ്റം നടത്തുകയുള്ളൂ. അഞ്ചുവർഷം പൂർത്തിയായ ജൂനിയർ അധ്യാപകർക്ക് സീനിയർ അധ്യാപകരുടെ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കും. വി.എച്ച്.എസ്.ഇ സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരുടെ ശമ്പളസ്കെയിൽ ഉയർത്തുന്നതുസംബന്ധിച്ച് പരിശോധിക്കും. അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതും പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിക്കുന്നതും സർക്കാർ സജീവമായി പരിഗണിക്കും. ജോ. ഡയറക്ടർ തസ്തികകളിലേക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരെ പ്രമോട്ടുചെയ്തു നിയമിക്കുന്ന കാര്യം ആലോചിക്കും. ശമ്പളസ്കെയിൽ ലഭിക്കാത്ത ജി.എഫ്.സി അധ്യാ

പകരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കും. ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം ജില്ലകളിലേക്ക് വികേന്ദ്രീകരിക്കുന്ന കാര്യം പരിഗണിക്കും. ആദ്യഘട്ടമെന്ന നിലയിൽ മൂന്നുമേഖലാ ഓഫീസുകൾകുടി അനുവദിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും കണ്ടെത്തും. പ്രവൃത്തിദിവസം അഞ്ചാക്കുന്ന കാര്യം തത്വ ത്തിൽ അംഗീകരിച്ചു. സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ശ്രമിക്കും. പ്രിൻസിപ്പാൾ നിയമനത്തിന് മുൻകാലങ്ങളിൽ നിലനിന്നതുപോലെ സീനിയോ റിറ്റി കണക്കാക്കി 140 സ്കൂളുകളിൽ ഉടൻതന്നെ പ്രിൻസിപ്പാൾമാരെ നിയമിക്കും. ബൈട്രാൻസ്ഫർ, ജൂനിയർ – സീനിയർ പ്രമോഷൻ എന്നിവ എത്രയും വേഗം നടത്തും. വൊക്കേഷണൽ ഹയർസെക്കന്ററി സംവിധാനം സമഗ്രമായി പരിഷ്ക്കരിക്കും. എയ്ഡഡ് ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരെ സെൽഫ് ഡ്രോയിംഗ് ഓഫീസർമാർക്കും എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പി.എഫ് ക്രഡിറ്റ് കാർഡ് വിതരണം ചെയ്യാൻ പ്രത്യേക സോഫ്റ്റ്വെ യർ ഏർപ്പെടുത്തും. 2004 മുതൽ സർവ്വീസിലുള്ള നൂറോളം അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കും. ഗസ്റ്റ് അധ്യാപക രുടെ വേതനം കാലികമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്നും ചർച്ചയിൽ ഉറ പ്പുനൽകി.

വിദ്യാഭ്യാസമന്ത്രിയുമായി നടന്ന ചർച്ചയിൽ ജനറൽ സെക്രട്ടറി എം.ഷാജഹാൻ, സംസ്ഥാന ട്രഷറർ ഏ.കെ.ഉണ്ണികൃഷ്ണൻ, സംസ്ഥാന സെക്രട്ടറി പി.പരമേശ്വരൻ എന്നി വർ പങ്കെടുത്തു.

തുടർന്ന് എട്ടാംദിവസം വൈകുന്നേരത്തോടെ സത്യാഗ്രസമരം അവസാനിച്ചു. സമാ പനയോഗം ബഹു.തിരുവനന്തപുരം മേയർ അഡ്വ.കെ.ചന്ദ്രിക ഉദ്ഘാടനം ചെയ്തു. ഉദ്ഘാ ടനം ചെയ്തു. കേന്ദ്രജീവനക്കാരുടെ കോൺഫെഡറേഷൻ സംസ്ഥാന സെക്രട്ടറി എം.കൃ ഷ്ണൻ, എൻ.ജി.ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി.എച്ച്.എം.ഇസ്മായിൽ, കെ.ജി. ഒ.എ ജനറൽ സെക്രട്ടറി കെ.ശിവകുമാർ, സമരസഹായസമിതി ചെയർമാൻ വി.ശിവൻകുട്ടി എം.എൽ.എ, കെ.എസ്.ടി.എ ജനറൽസെക്രട്ടറി എം.ഷാജഹാൻ, ഭാരവാഹികളായ എ.കെ. ഉണ്ണികൃഷ്ണൻ, പി.ഡി.ശ്രീദേവി, പി.പരമേശ്വരൻ, കെ.ജെ.ഹരികുമാർ എന്നിവർ പ്രസം ഗിച്ചു.

എട്ടാംദിവസത്തെ സത്യഗ്രഹസമരം ദേശാഭിമാനി തിരുവനന്തപുരം യൂണിറ്റ് മാനേ ജർ കെ.വരദരാജൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന എക്സി.അംഗം എം.മുരളീധരൻ അധ്യക്ഷത വഹിച്ചു. പി.രജനി, പി.കെ.സതീഷ്, പി.പരമേശ്വരൻ, കെ.കെ.രഘുനാഥ്, കെ. ടി.ബാലകൃഷ്ണൻ, വി.പി.ഇന്ദിര എന്നിവർ പ്രസംഗിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി